പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2024-ലെ കേരള ഹരിത കർമ്മസേന ക്ഷേമനിധി ബിൽ

(ശ്രീ. ജി. സ്റ്റീഫൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2024-ലെ കേരള ഹരിത കർമ്മസേന ക്ഷേമനിധി ബിൽ

(ശ്രീ. ജി. സ്റ്റീഫൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

546/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2024-ലെ കേരള ഹരിതകർമ്മ സേന ക്ഷേമനിധി ബിൽ

(ശ്രീ. ജി. സ്റ്റീഫൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്ന ആയിരക്കണക്കിന് ഹരിത കർമ്മ സേനാംഗങ്ങളുടെ ഭാവി ജീവിതത്തിനുള്ള സംരക്ഷണവും ക്ഷേമവും ഉറപ്പു വരുത്തുവാൻ ക്ഷേമനിധി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 10 മുതൽ 40 വരെ വനിതകൾ ഹരിതകർമ്മ സേനാംഗങ്ങളായി യൂസർഫീ അടിസ്ഥാനത്തിലും, ശേഖരിച്ച പാഴ്‌വസ്തുക്കളുടെ വിറ്റുവരവിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിലും ജോലി ചെയ്തു വരുന്നുണ്ട്. തൊഴിൽ സ്ഥിരത ഇല്ലാത്തതുമൂലവും വരുമാനക്കുറവിനാലും മറ്റ് കാരണങ്ങളാലും ഇവർക്ക് നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുമുണ്ട്. ഇവരുടെ പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ഹരിത കർമ്മസേന ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിനു കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കും.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ഡി) "ക്ഷേമനിധി" എന്നാൽ പ്രസ്തുത ഉദ്ദേശ്യലക്ഷ്യ നിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന നിധി എന്നർത്ഥമാകുന്നു;

(ഇ) "ക്ഷേമനിധി ബോർഡ്" എന്നാൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഹരിതകർമ്മ സേനാംഗങ്ങളുടെയും ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിതാവസ്ഥയ്ക്കും വേണ്ടി യുക്തമായ നടപടികൾ ആലോചിച്ച് കൈക്കൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം എന്നർത്ഥമാകുന്നു.

3. <u>ക്ഷേമനിധി ബോർഡ് രൂപീകരണം</u>.—(1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണ നിർവ്വഹണത്തിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയോ അവ നടപ്പാക്കുകയോ ചെയ്യുന്നതിനും കേരള ഹരിത കർമ്മ സേന ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നും പുനർവിന്യസിക്കുകയോ സർക്കാരിന് യുക്തം എന്ന് തോന്നുന്ന പക്ഷം ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയോഗിക്കുകയോ ചെയ്യാവുന്നതാണ്.

(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്

(എ) തൊഴിൽ/ തദ്ദേശസ്വയംഭരണം/ സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിമാർ;

(ബി) സർക്കാർ നിർദ്ദേശിക്കുന്ന ചെയർമാൻ/ചെയർപേഴ്സൺ;

(സി) കാര്യനിർവ്വഹണത്തിനായി സർക്കാർ നിയമിക്കുന്ന മാനേജിംഗ് ഡയറക്ടർ;

(ഡി ) മെമ്പർ സെക്രട്ടറി (സർക്കാർ സർവ്വീസിലുള്ള അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ);

(ഇ) സർക്കാർ നോമിനേറ്റ് ചെയ്യുന്ന അഞ്ച് പ്രതിനിധികൾ (ഇതിൽ ഒരാൾ എസ്.സി/എസ്.റ്റി, മൂന്ന് വനിതകൾ) ഇതിൽ അംഗങ്ങൾ ആയിരിക്കും. ഇവരിൽ നിയമനിർമ്മാണ സഭാംഗങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷർ, വനിതാ സംഘടനകൾ എന്നിവയിലെ ഓരോ പ്രതിനിധികൾ ഉൾപ്പെടുന്നതാണ്.

4. നിധിയിലേക്കുള്ള വരുമാനം.—താഴെപ്പറയുന്ന വരവ് ഉൾക്കൊള്ളിക്കേണ്ടതാണ്. അംശദായങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, ക്ലീൻ കേരള മിഷൻ വിഹിതം, സംഭാവനകൾ.

5. നിധിയിലേക്കുള്ള അംശദായം.—ഓരോ തൊഴിലാളിയും പ്രതിമാസം ലഭിക്കുന്ന വരുമാനത്തിന്റെ 1% എന്നാൽ 50 രൂപയിൽ കുറയാത്ത സംഖ്യ നിധിയിലേക്ക് അംശദായം ഒടുക്കേണ്ടതാണ്. സർക്കാർ, ക്ഷേമനിധിയിൽ ഓരോ അംഗത്തിനും 20 രൂപ നിരക്കിൽ പ്രതിമാസം നിധിയിലേക്ക് അംശദായമായി അടയ്ക്കേണ്ടതാണ്

6. നിധിയുടെ ഉപയോഗം.—(1)അവശതമൂലം തൊഴിലെടുക്കുന്നതിന് കഴിവില്ലാതാവുകയോ 60 വയസ്സ് പൂർത്തീകരിക്കുകയോ ചെയ്യുന്ന അംഗത്തിന് പെൻഷൻ നൽകുന്നതിന്;

(2) സ്ഥായിയായി അംഗ വൈകല്യമോ അവശതയോ സംഭവിക്കുന്ന തൊഴിലാളിക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന്;

(3) അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും ചികിത്സാസഹായം നൽകുന്നതിന്;

(4) അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും വാഹനങ്ങൾ വാങ്ങുന്നതിന്;

(5) അംഗങ്ങൾക്കും ആശ്രിതർക്കും ഭവനനിർമ്മാണ വായ്പ നൽകുന്നതിന്;

(6) അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനും പ്രസവാനുകൂല്യത്തിനും;

(7) അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിന്;

(8) മേൽപ്പറഞ്ഞ 1 മുതൽ 7 വരെയുള്ള ഉപവകുപ്പുകളിൽ പറയുന്നതിന് പുറമേ ഇവർക്കുവേണ്ടി സർക്കാരിന് യുക്തമെന്നു തോന്നുന്ന മറ്റു ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

7. ബോർഡിന്റെ പ്രവർത്തനം.—(1) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്.

(2) ക്ഷേമനിധി ബോർഡ് ജില്ലാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ആഫീസറുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യക്ഷേമ വകുപ്പ് ജില്ലാ ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, സർക്കാർ ഉദ്ദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഉപസമിതിയിൽ അംഗങ്ങളായിരിക്കും.

(3) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കുവാൻ സാധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ ഉപസമിതികൾ പരിഹരിക്കേണ്ടതാണ്.

(4) സംസ്ഥാന ക്ഷേമനിധി ബോർഡ് ആയിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി.

8 ബോർഡിന്റെ കർത്തവ്യങ്ങൾ.—(1) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഹരിതകർമ്മ സേനാംഗങ്ങളുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനും വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് സഹായം നൽകുകയും ചെയ്യുക.

(2) മേൽപ്പറഞ്ഞ മേഖലയിൽപ്പെടുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

9. ബോർഡിന്റെ അധികാരങ്ങൾ.—(1) ഈ ആക്റ്റിന്റെ കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അധികാരം.

(2) ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിക്കുകയും അന്വേഷണം നടത്തി ബോധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കുകയും ചെയ്യുക.

(3) കാലാകാലങ്ങളിൽ സർക്കാരിലേക്ക് ആവശ്യമായ ശിപാർശകൾ നൽകുക

(4) ബോർഡിന്റെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുക.

10. ബോർഡിന്റെ യോഗങ്ങൾ.—(1) ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം മെമ്പർ സെക്രട്ടറി യോഗം വിളിച്ചു കൂട്ടേണ്ടതാണ്.

(2) ബോർഡിന്റെ രണ്ട് യോഗങ്ങൾ തമ്മിൽ ആറ് മാസത്തിലധികം അന്തരം ഉണ്ടാകാൻ പാടില്ല.

(3) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സൺ അദ്ധ്യക്ഷത വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ ഒരാളെ അദ്ധ്യക്ഷനായി നിർദ്ദേശിക്കാവുന്നതുമാണ്.

(4) യോഗത്തിനുള്ള ക്വാറം ബോർഡിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

11. അംഗത്വം റദ്ദാക്കൽ.— ബോർഡിന് ഏതുസമയത്തും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗത്വം റദ്ദാക്കാവുന്നതാണ്. എന്നാൽ റദ്ദാക്കുന്നതിന് മുമ്പ് അംഗത്തിന് പറയാനുള്ളത് പറയാൻ ന്യായമായ ഒരു അവസരം നൽകാവുന്നതാണ്.

12. നോമിനിയെ ചേർക്കൽ.— ഓരോ അംഗത്തിനും ക്ഷേമനിധിയിലേക്ക് നോമിനിയെ ചേർക്കാവുന്നതാണ്. എന്നാൽ നോമിനിയെ ചേർക്കുന്ന കാര്യത്തിൽ ആദ്യപരിഗണന അംഗത്തിന്റെ ഭർത്താവ്/ മക്കൾക്ക് ആയിരിക്കുന്നതാണ്.

13. ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഈ നിയമം നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം പുറപ്പെടുവിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ബിൽ പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ 14 ദിവസത്തേക്ക് വയ്ക്കേണ്ടതും യഥാവിധി അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂസർഫീ അടിസ്ഥാനത്തിലും, ശേഖരിച്ച പാഴ്വസ്തുക്കളുടെ വിറ്റുവരവിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിലും 36,000-ൽ അധികം തൊഴിലാളികൾ ഹരിതകർമ്മ സേനാംഗങ്ങളായി ജോലി ചെയ്തു വരുന്നുണ്ട്. ഇവർ ചെയ്യുന്ന സേവനത്തിന്റെ മൂല്യം തിട്ടപ്പെടുത്താൻ കഴിയാത്ത വിധം ഉയർന്നതാണ്. വികേന്ദ്രീകരണ മാലിന്യ സംസ്കരണവും അജൈവ മാലിന്യങ്ങൾ ചംക്രമണം ചെയ്യുന്നതു വഴി പുനരുപയോഗവും നാടിന്റെ മാലിന്യപ്രശ്നത്തിന് ഒരു

പരിഹാരവുമൊക്കെയായി ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ അനുദിനം വളരുകയാണ്. തൊഴിൽ സ്ഥിരത ഇല്ലാത്തതുമൂലവും മതിയായ വരുമാനമില്ലാത്തതിനാലും മറ്റ് നിരവധി കാരണങ്ങളാലും ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്ന ഇവരുടെ പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, ചികിത്സാ സഹായം എന്നിവ നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

കേരള സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഹരിത കർമ്മ സേനാംഗങ്ങളിൽ ഓരോ അംഗത്തിനും ഇരുപത് രൂപ നിരക്കിൽ സർക്കാർ ക്ഷേമനിധിയിലേക്ക് അംശദായമായി അടയ്ക്കേണ്ടതാണ്. ബില്ലിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇതിനു എത്ര മാത്രം സാമ്പത്തിക ബാധ്യത വരുമെന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കു എന്നിരുന്നാലും, പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടികൾക്കായി സഞ്ചിത നിധിയിൽ നിന്നും രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദാക്കുവാനുമുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണ കാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്ക് വേണ്ടിയാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ജി. സ്റ്റീഫൻ, എം.എൽ.എ.